DESPATCHED
On..05/03/2020...
14/1/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1662*(7)/2014*/***എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. *10058/എസ്.ഐ.സി-ജി 6/14*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. എം.സി കുഞ്ഞപ്പ നമ്പ്യാർ<br>പ്രദീപ് നിവാസ്<br>തുരുത്ത്യാട്.പി.ഒ<br>ബാലുശ്ശേരി പോസ്റ്റ്–673 612 | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&<br>സെക്രട്ടറി<br>ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത്<br>ബാലുശ്ശേരി പി.ഒ, കോഴിക്കോട് 673 612<br><br>2. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്<br>സിവിൽ സ്റ്റേഷൻ<br>കോഴിക്കോട് | എതിർകക്ഷികൾ |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ നൽകിയ മറുപടിയിൽ പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.



res

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ വിശദീകരണം തേടുന്നതിന്, 07.11.2019 ന് കോഴിക്കോട് കളക്ടറേറ്റ് വീഡീയോ കോൺഫറൻസിൽ വച്ചു നടത്തിയ ഹിയറിംഗിൽ ഹാജരാകുവാൻ ഇരുകക്ഷികൾക്കും കത്തു നൽകുകയും, ഇരുകക്ഷികളും ഹാജരാകുകയും, എസ്.പി.ഐ.ഒ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ എല്ലാം നൽകിയെന്നും, രണ്ടാം അപ്പീൽ സമർപ്പിച്ച സമയത്ത്, വിവരാവകാശ അപേക്ഷയിൽ ചോദിക്കാത്ത കാര്യങ്ങളാണ് ഉന്നയിച്ചിരുക്കുന്നതെന്നുമാണ് .

3. അപ്പീൽ ഹർജിയും, എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരൻ, എസ്.പി.ഐ.ഒ നൽകിയ മറുപടിയിൽ ആക്ഷേപം ഇല്ലെന്നറിയിച്ചതിനാൽ ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേദിവസം 2020 ജനുവരി 14-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION



res